## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 671 — 04/02/2020-ൽ മറുപടിയ്ക്ക്

### സഹകരണ ബാങ്കുകളുടെ കാർഷിക വായ്പ

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. പി.ടി.എ. റഹീം<br>ശ്രീ. സജി ചെറിയാൻ<br>ശ്രീ. പി. ഉണ്ണി | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കേന്ദ്രസർക്കാർ നയങ്ങളുടെ ഭാഗമായി കാർഷിക വായ്പാ മേഖലയിൽ സഹകരണ ബാങ്കുകൾ അവഗണിക്കപ്പെട്ടുകയും സ്വകാര്യ-ന്യൂജനറേഷൻ ബാങ്കുകൾക്ക് അമിത പ്രാധാന്യം കൈവരുകയും ചെയ്യുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ കർഷകർക്ക് നൽകുന്ന വായ്പയുടെ നിരക്ക് ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | | (എ) | പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവ മുഖേന കാർഷിക വായ്പകൾ കൂടുതൽ വിതരണം ചെയ്യുന്നതിനായി, സംസ്ഥാനത്തെ കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവ ഓരോ വർഷവും നൽകുന്ന മൊത്തം വായ്പയുടെ 40% എങ്കിലും കാർഷിക വായ്പ വിതരണം ചെയ്യുന്നതിന് സർക്കുലർ മുഖാന്തിരം സഹകരണ സംഘം രജിസ്ട്രാർ സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി വായ്പ തോത് ഉയർത്തുന്നത് സംബന്ധിച്ച് നിലവിൽ തീരുമാനങ്ങൾ ഒന്നും കൈക്കൊണ്ടിട്ടില്ല.<br>കാർഷിക മേഖലയിൽ ഹ്രസ്വകാല കാർഷിക വായ്പയായി 5000 കോടി രൂപ ഈ സാമ്പത്തിക വർഷം നബാർഡിന്റെ പുനർവായ്പാ പദ്ധതിയിലൂടെ കേരള ബാങ്ക് വഴി വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു. |
| (ബി) നിലവിൽ സഹകരണ ബാങ്കുകൾ കർഷകർക്ക് നൽകുന്ന വായ്പ എത്ര ശതമാനമാണെന്നും ഇത് എത്ര ശതമാനമായി ഉയർത്താനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ; | | (ബി) | കേരള സംസ്ഥാന സഹകരണ ബാങ്ക് ആകെ വായ്പയുടെ 16% കാർഷിക വായ്പയായി നിലവിൽ നൽകിയിട്ടുണ്ട്. ഇത് 25% ആയി ഉയർത്താൻ ഉദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്ത് കൃഷിയുടെ വ്യാപനത്തിനായി സഹകരണ സ്ഥാപനങ്ങൾ കൂടുതൽ ഇടപെടലുകൾ നടത്തേണ്ടതിന്റെയും സഹകരണ, കാർഷിക മേഖലകൾ ഒരുമിച്ച് പ്രവർത്തിക്കേണ്ടതിന്റെയും ആവശ്യകത സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | സംസ്ഥാനത്ത് കൃഷിയുടെ വ്യാപനത്തിനായി സഹകരണ സ്ഥാപനങ്ങൾ കൂടുതൽ ഇടപെടലുകൾ നടത്തേണ്ടതിന്റെയും സഹകരണ, കാർഷിക മേഖലകൾ ഒരുമിച്ച് പ്രവർത്തിക്കേണ്ടതിന്റെയും ആവശ്യകത കൾക്ക് ഒരു അംഗത്തിന് നൽകാവുന്ന കാർഷിക ആവശ്യങ്ങൾക്കായുള്ള ഹ്രസ്വകാല മധ്യകാല വായ്പകളുടെ പരമാവധി വായ്പ പരിധി മൂന്ന് ലക്ഷത്തിൽ നിന്നും അഞ്ച് ലക്ഷം രൂപയായി ഉയർത്തിയും, കാർഷിക അനുബന്ധ വായ്പ പരമാവധി മൂന്ന് ലക്ഷം രൂപ, കാർഷിക ആവശ്യങ്ങൾക്കും കാർഷിക അനുബന്ധ ആവശ്യങ്ങൾക്കുമുള്ള സ്വർണപ്പണയ വായ്പ പരമാവധി മൂന്ന് ലക്ഷം രൂപയും അനുവദിച്ചു നൽകുന്നതിന് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.